ഭരണഭാഷാ മാതൃഭാഷ

**AHD/6394/2026-K2**

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം **-33**
ഫോൺ : **0471 -2302283**
**directorah.ker@nic.in**

തീയതി :**09-09-2026**

**<u>സർക്കുലർ</u>**

വിഷയം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - ജീവനകാര്യം - വകുപ്പിലെ ചീഫ്ഇൻസ്ട്രക്ടർ, സീനിയർ ഇൻസ്ട്രക്ടർ, ജൂനിയർ ഇൻസ്ട്രക്ടർ/ചിക്സെക്സിങ് എക്സ്പേർട്ട്, ചിക്സെക്സർ എന്നീ തസ്തികയിലെ ജീവനക്കാരുടെ **01/09/2026** പ്രാബല്യത്തിലുള്ള സംയോജിത മുൻഗണനപട്ടിക തയ്യാറാക്കുന്നത് - സംബന്ധിച്ച്.

സൂചന:- **1)** ഡയറക്ടറുടെ AHD/2889/2025-J1 തീയതി:26-09-2025 നടപടിക്രമം
**2)** ഡയറക്ടറുടെ **27-08-2024** ലെ **AHD/5685/2022-11** നമ്പർ പരിപത്രം

സൂചന **(1)** പ്രകാരം വകുപ്പിലെ ചീഫ്ഇൻസ്ട്രക്ടർ, സീനിയർ ഇൻസ്ട്രക്ടർ, ജൂനിയർ ഇൻസ്ട്രക്ടർ/ചിക്സെക്സിങ് എക്സ്പേർട്ട്, ചിക്സെക്സർ എന്നീ തസ്തികയിലെ ജീവനക്കാരുടെ **01/09/2025** പ്രാബല്യത്തിലുള്ള സംയോജിത അന്തിമ മുൻഗണനപട്ടിക പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത വിഭാഗം ജീവനക്കാരുടെ **2026** വർഷത്തെ മുൻഗണന പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി സൂചനപ്രകാരമുള്ള അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത, വകുപ്പിൽ **01/09/2026** വരെ സേവനത്തിൽ പ്രവേശിച്ച ചീഫ്ഇൻസ്ട്രക്ടർ, സീനിയർ ഇൻസ്ട്രക്ടർ, ജൂനിയർ ഇൻസ്ട്രക്ടർ/ചിക്സെക്സിങ് എക്സ്പേർട്ട്, ചിക്സെക്സർ എന്നീ തസ്തികയിലെ ജീവനക്കാരുടെ വിവരങ്ങൾ **ചുവടെ ചേർത്തിട്ടുള്ള മാതൃകയിൽ** സർക്കുലർ അംഗീകരിച്ച തീയതിമുതൽ **15** ദിവസങ്ങൾക്കകം ഡയറക്ടറേറ്റിൽ ലഭ്യമാക്കുവാൻ നിർദേശിക്കുന്നു. പട്ടികയിൽ സീനിയോരിറ്റി ക്രമത്തിൽ തന്നെ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

| DRAFT PROVISIONAL SENIORITY LIST OF Chief Instructor, senior Instructor,Junior Instructor/ Chick Sexing Expert,Chick Sexer IN THE ANIMAL HUSBANDRY DEPARTMENT AS ON 01/09/2026 | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Qualification | | | | | | | | | | | | |
| Sl No | Name, PEN No | General | special | Date of Birth | Date of Entry in service | Date of commt. Of cont. Service | Date of retirement | Date of regularisation | Date of decln of probation | Date of Confirmation as driver | PSC Advice /compassionate Appt. Order NO of DAH | Order Date | Remarks |
| Chief Instructor | | | | | | | | | | | | | |
| 1 | | | | | | | | | | | | | |
| 2 | | | | | | | | | | | | | |
| senior Instructor | | | | | | | | | | | | | |
| 1 | | | | | | | | | | | | | |
| 2 | | | | | | | | | | | | | |
| Junior Instructor/ Chick Sexing Expert | | | | | | | | | | | | | |
| 1 | | | | | | | | | | | | | |
| 2 | | | | | | | | | | | | | |
| Chick Sexer | | | | | | | | | | | | | |
| 1 | | | | | | | | | | | | | |
| 2 | | | | | | | | | | | | | |

വകുപ്പിലെ ജീവനക്കാരുടെ മുൻഗണന പട്ടിക പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട അനുബന്ധ സൂചന ( 2 ) പരിപത്രത്തിലെ നിർദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്. എന്നാൽ രേഖകൾ ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കേണ്ടതില്ല. പകരം നിയന്ത്രണ ഉദ്യോഗസ്ഥരും, ഉപകാര്യാലയ മേധാവികളും, ജില്ലാ മൃഗസംരക്ഷണ ഓഫീസർമാരും രേഖകളുടെ ആധികാരികത ഉറപ്പുവരുത്തിയ ശേഷം മുൻഗണന പട്ടികയുടെ നിശ്ചിത മാതൃകയിൽ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

നിയന്ത്രണ ഉദ്യോഗസ്ഥരും ഉപ കാര്യാലയ മേധാവികളും ജില്ലാ മൃഗ സംരക്ഷണ ഓഫീസർമാരും സൂചന (1) പ്രകാരമുള്ള അന്തിമ മുൻഗണന പട്ടികയിലെ എല്ലാ വിവരങ്ങളും പൂർണ്ണമായും ശരിയാണെന്നും, തെറ്റായ വിവരങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല എന്നും, സീനിയോരിറ്റി ക്രമത്തിൽ അപാകതകൾ ഇല്ല എന്നുമുള്ള സാക്ഷ്യപത്രം, അതാതു ജീവനക്കാരിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കി സൂക്ഷിക്കേണ്ടതും, പരാതിയുണ്ടെങ്കിൽ വ്യക്തമായി പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്തി ജില്ലാമൃഗസംരക്ഷണ ഓഫീസറുടെ/ഉപകാര്യാലയ മേധാവിയുടെ ശുപാർശ സഹിതം ഡയറക്ടറേറ്റിൽ സമയബന്ധിതമായി അറിയിക്കേണ്ടതുമാണ്.

ജീവനക്കാരുടെ നിയന്ത്രണ ഉദ്യോഗസ്ഥരും ഉപ കാര്യാലയ മേധാവികളും ജില്ലാ മൃഗ സംരക്ഷണ ഓഫീസർമാരും സൂചന (1) പ്രകാരമുള്ള അന്തിമ മുൻഗണന പട്ടികയിലെ എല്ലാ വിവരങ്ങളും അനുബന്ധ സേവന രേഖകളുമായി ഒത്തുനോക്കി പരിശോധിക്കേണ്ടതും, ഭേദഗതികളോ, ഉൾച്ചേർക്കലുകളോ, ഒഴിവാക്കലുകളോ ഉണ്ടെങ്കിലും, ഏതെങ്കിലും ജീവനക്കാരുടെ പേരു വിവരങ്ങൾ

വിട്ടുപോയിട്ടുണ്ടെങ്കിലും, ഒഴിവാക്കേണ്ടതുണ്ടെങ്കിലും, സീനിയോരിറ്റി ക്രമത്തിൽ അപാകതകൾ ഉണ്ടെങ്കിലും ആ വിവരം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. നിലവിലെ അന്തിമ മുൻഗണന പട്ടികയിലുള്ള ജീവനക്കാരുടെ വിവരങ്ങൾ അറിയിക്കുമ്പോൾ നിലവിലെ അന്തിമ മുൻഗണനപട്ടികയിലെ ക്രമ നമ്പർ കൂടി അറിയിക്കേണ്ടതാണ്. ജില്ലാ മൃഗ സംരക്ഷണ ഓഫീസർമാർ അവരുടെ കീഴിലിനുള്ള കാര്യാലയങ്ങളിൽ മേല്പറഞ്ഞ നിർദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ജില്ലയിലെ മുഴുവൻ ജീവനക്കാരുടേയും വിവരങ്ങൾ ക്രോഡീകരിച്ച് ഒറ്റ പ്രൊപ്പോസലായി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതുമാണ്.

Digitally signed by
SINDHU K
Date: 09-09-2026
17:04:47

**DIRECTOR**

സ്വീകർത്താവ്

1) വകുപ്പിലെ എല്ലാ ബന്ധപ്പെട്ട ജീവനക്കാർക്കും (നിയന്ത്രണോദ്യോഗസ്ഥൻ മുഖേന )

2) എല്ലാ ജില്ലാമൃഗസംരക്ഷണ ഓഫീസർമാർക്കും ഉപകാര്യാലയ മേധാവികൾക്കും(അന്യത്രസേവനം പുനർവിന്യാസം മറ്റേതെങ്കിലും രീതികളിൽ സേവനമനുഷ്ടിക്കുന്നവർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ഈ നടപടിക്രമം സർക്കുലേറ്റ് ചെയ്യേണ്ടതാണ്)

3) ഐ.റ്റി.നോഡൽ ഓഫീസർ (വകുപ്പിൻറെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

പകർപ്പ്

1) ഡയറക്ടർ,സീനിയർ അഡ്മിനിസ്ലേറ്റീവ് ഓഫീസർ എന്നിവരുടെ സി എ മാർക്ക്

2) അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ്